LIBRARY ARCHIVES Kerala Legislative Assembly

പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

232(2701) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. വർക്കല കഹാർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ചമൂലം ശുദ്ധജലം പാഴായി പോകുന്നത് ഒഴിവാക്കുവാനും മലിനജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജലവിതരണ പദ്ധതികളുടെയും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെയും കേടായ പൈപ്പ് ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നു.

വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുന്ന ബൃഹത് പദ്ധതികൾ

233(2702) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ബൃഹത് പദ്ധതികളാണ് ജലനിധി രണ്ടാം ഘട്ടത്തിലേക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അവ ജലനിധിക്ക് കൈമാറിക്കഴിഞ്ഞാൽ അവയുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിന് നിയന്ത്രണം ഉണ്ടാകുമോ; അവയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരോ പഞ്ചായത്തോ വാർഷിക ധനസഹായം നൽകുമോ;

(സി) കൈമാറുന്ന പദ്ധതികളുടെ തുടർ പരിപാലനത്തിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നത് ഏത് സ്ഥാപനമായിരിക്കും;

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച ചവറ-പൻമന പദ്ധതിയുടെ വാർഷിക പരിപാലന ചെലവ് എത്രയാണ്; വാട്ടർ ചാർജ്ജായി ഓരോ ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത് എത്ര തുകയാണ് ; പ്രസ്തുത പദ്ധതിയുടെ പരിപാലനത്തിനായി സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ചെലവഴിച്ച തുക എത്രയാണ് ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ ബൃഹത് പദ്ധതികളൊന്നും തന്നെ ജലനിധിക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ താഴെപ്പറയുന്ന ബൃഹത് പദ്ധതികളുടെ പൊതുഘടകങ്ങൾ ജലനിധിയുടെ പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുവേണ്ട നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

1. മാള, അന്നമനട, പൊയ്യ, കുഴൂർ, വെള്ളാങ്കല്ലൂർ, പുത്തൻചിറ എന്നീ പഞ്ചായത്തുകൾക്കുള്ള മാള മൾട്ടി ജി.പി. ബൃഹത് പദ്ധതി.
2. ഊരകം, വേങ്ങര, പരപ്പൂർ മൾട്ടി ജി.പി. ബൃഹത് പദ്ധതി.
3. പെരുമണ്ണക്ലാരി, ഒഴൂർ, തെന്നല മൾട്ടി ജി.പി. ബൃഹത് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly